Syro Malabar Commission for Liturgy



## നോമ്പു നാലാം ബുധൻ (മർക്കോ 10: 46-52)

നിത്യമായവെളിച്ചം നല്കുന്നവനെ അനുദിനം അനുഗമിക്കാനുള്ള ആഹ്വാനമാണ് ഇന്നത്തെ വിശുദ്ധഗ്രന്ഥവായനകളുടെ ഉള്ളടക്കം. ബർത്തിമേയൂസ് എന്ന അന്ധയാചകൻ തന്റെ ഇരുട്ടിൽ ഈശോയെ വിളിക്കുന്നു. ആത്മീയഅന്ധകാരത്തിൽ ജീവിക്കുന്ന ആയിരക്കണക്കിന് ആളുകൾ ഇന്നും ഉണ്ട്. നിലവിളിക്കുന്ന അന്ധനെ വിളിക്കാൻ ഈശോ ശിഷ്യരോട് കല്പിക്കുന്നു. അതെ, അന്ധകാരത്തിൽ ജീവിക്കുന്ന മറ്റുള്ളവരെ കർത്താവിന്റെ അടുക്കലെത്തിക്കാൻ ഈശോ തന്റെ അനുയായികളോട് ഇന്നും ആവശ്യപ്പെടുന്നു. അന്ധകാരത്തിന്റെ ചെയ്തികൾ വലിച്ചെറിഞ്ഞ് അനുതപിക്കാൻ വെളിപാട് ഗ്രന്ഥം ആഹ്വാനം ചെയ്യുന്നു. സർവ്വശക്തന്റെ സന്നിധിയിലേക്ക ്തിരിച്ചുവരാൻ ശ്രമിച്ചാൽ ദൈവം നിന്നെ രക്ഷിക്കുമെന്നും, അവന്റെ കരങ്ങളുടെ നൈർമല്യംമൂലം നീ രക്ഷിക്കപ്പെടുമെന്നുള്ള പ്രതീക്ഷാനിർഭരമായ സന്ദേശം പഴയനിയമത്തിലെ ജോബ് നല്കുന്നു. ഏലീഷാ പ്രവാചകൻ ഏലിയായെ അനുഗമിക്കുന്നതും അവന്റെ ശുശ്രൂഷയിൽ പങ്കുചേരുന്നതുമായ വചനഭാഗം രാജാക്കൻമാരുടെ പുസ്തകത്തിൽ നാം ശ്രവിക്കുന്നു.

അന്ധകാരത്തിൻ നിന്നും നിത്യവെളിച്ചത്തിലേക്ക് നമ്മെ ആനയിക്കാൻ കഴിയുന്ന ഈശോയുടെ പക്കലേക്ക് പാതിബുധനാഴ്ചയായ ഇന്ന് നമുക്ക് കടന്ന് ചെല്ലാം. ഏലീഷായെപ്പോലെയും, അഹറോനെപ്പോലെയും നിത്യരക്ഷയുടെ വെളിച്ചത്തിലേക്ക് കടന്ന് വരാൻ പരിശ്രമിക്കാം. ഈശോയ്ക്ക് മാത്രം നല്കാൻ കഴിയുന്ന പ്രകാശത്തിന്റെ സന്തോഷത്തിലേക്ക് നമുക്ക് പ്രവേശിക്കാം.

**തയ്യാറാക്കിയത്,**
**ഫാ.ജോസഫ്തോലാനിക്കൽ**
**23-03-2022**

**സീറോ മലബാർ ആരാധനക്രമകമ്മീഷൻ**
**മൗണ്ട് സെന്റ് തോമസ്, കാക്കനാട്**
**Read more: wwwsyromalabarliturgy.org**